Hosiery Manufacture.

©
Government of Kerala
കേരള സർക്കാർ
2011

Reg. No. രജി. നമ്പർ
KL/TV(N)/12/2009-2011

# KERALA GAZETTE
# കേരള ഗസറ്റ്
## EXTRAORDINARY
## അസാധാരണം
## PUBLISHED BY AUTHORITY
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

| | | | | |
|---|---|---|---|---|
| Vol. LVI<br>വാല്യം 56 | Thiruvananthapuram, Monday<br>തിരുവനന്തപുരം, തിങ്കൾ | 26th September 2011<br>2011 സെപ്റ്റംബർ 26<br>4th Aswina 1933<br>1933 ആശ്വിനം 4 | No.<br>നമ്പർ | 1811 |

GOVERNMENT OF KERALA

**Labour and Rehabilitation (E) Department**

NOTIFICATION

G. O. (P) No. 153/2011/LBR.

*Dated, Thiruvananthapuram, 12th September, 2011.*

**S. R. O. No. 610/2011.**—In exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act XI of 1948) read with sub-section (2) of section 5 thereof, and in supersession of the notification issued under G. O. (Rt.) 1930/2004/LBR dated 21st July, 2004 and published as S.R.O. No. 1266/2004 in the Kerala Gazette No. 47 Part I Section IV dated 30th November, 2004 the Government of Kerala after considering the objections and suggestions received on the draft proposal previously published under Notification No. 25782/E1/2010/LBR dated 17th December, 2010 in the Kerala Gazette Extraordinary No. 2930 dated 27th December, 2010 as required under clause (b) of sub-section (1) of section 5 of the said Act and in consultation with the Minimum Wages Advisory Board

constituted under section 7 of the said Act, hereby revise the minimum rates of wages payable to the employees employed in "Hosiery Manufacturing Industry" in the State of Kerala as specified in the Schedule hereto annexed and fix the date of publication of this Notification in the Gazette as the date from which the rates shall come into force.

SCHEDULE

**I. Work Load**

| | | |
|---|---|---|
| 1. Knitting Work (One person) | Ordinary Machine | 2 Numbers |
| 2. Knitting Work (One person) | Automatic Machine | 3 Numbers |
| 3. Bleaching of cloth (Four persons) | Outside | 225 Kg |
| 4. Bleaching of cloth (Four persons) | Inside | 450 Kg |
| 5. Dyeing (Four persons) | Outside | 225 Kg |
| 6. Dyeing (Four persons) | Inside | 450 Kg |
| 7. Heater Room | Outside | 110 Kg |
| 8. Heater Room | Inside | 300 Kg |
| 9. Calendering (2 persons) | | 700 Kg |
| 10. Cutting Work: | | |
| (a) Gents Brief | | The work load fixed as per G. O. (Rt.) No. 1930/2004 (S.R.O. 1266/2004) dated 21st July, 2004 shall continue. |
| (b) Ladies Panties | | |
| (c) Drawer Trunk | | |
| (d) Banian (L.N.H.S.) | | |
| (e) Banian (Sandow) | | |
| (f) Elastic cutting (top and bottom) | | |
| 11. Flat lock Machine stitching work: | | |
| (a) Gents Brief 'C' cut | | 14 dozen |
| (b) Gents Brief 'Y' Front | | 10 dozen |
| (c) Gents Trunk | | 10 dozen |
| (d) Banian (L.N.H.S.) | | 65 dozen |
| (e) Banian (Sandow) | | 50 dozen |

| | | |
|---|---|---|
| 12. | Over lock Machine stitching work: | |
| | (a) Banian (L.N.H.S.) | 26 dozen |
| | (b) Banian (Sandow) | 70 dozen |
| | (c) Slip drawer | 12 dozen |
| | (d) Ladies Panties (without elastic) | 50 dozen |
| | (e) 'T' Shirts | 10 dozen |
| 13. | Heating Work (Singer Work): | |
| | (a) Label-4 side | 75 dozen |
| | (b) Label-1 side | 100 dozen |
| | (c) Elastic joining-Briefs | 55 dozen |
| 14. | Checking work: | |
| | (a) Banian | 60 dozen |
| | (b) Elastic joining-Briefs | 50 dozen |
| 15. | Final checking (All style) | 55 dozen |
| 16. | Spreading: | |
| | (a) L.N. | 64 dozen |
| | (b) Drawers | 128 dozen |
| | (c) RNs-105-110 'T' Shirt | 47 dozen |
| | (d) Sandow-105-110 | 45 dozen |
| | (e) 'T' Shirt-R.N.L.N. 55-100 | 64 dozen |
| | (f) Sandow drawers 55-100 | 128 dozen |
| 17. | Despatching (One person) | 200 dozen |
| 18. | Ironing Work: | |
| | (a) Banian | 55 dozen |
| | (b) Brief | 75 dozen |
| 19. | Steam Press Work (Two persons) | 350 dozen |

**II Minimum Basic Wages**

**(1) Group-A—Monthly Rates**

| | *Basic Wages* |
|---|---|
| *Category No. I*—Manager | ₹ 7300 |
| *Category No. II*—Assistant Manager<br>Work Superintendent | ₹ 5220 |

| | |
|---|---|
| *Category No. III*—Section Supervisor/ Accountant/Cashier/ Clerk/Typist/Computer Operator/Office Assistant/ Stenographer/Mechanic/ Electrician/Boiler Attendar | ₹ 3905 |
| *Category No. IV*—Driver | ₹ 3615 |
| *Category No. V*— Watchman/Peon | ₹ 3510 |

**(2) Group-B—Daily Rates (Semi-Skilled)**

*Category I*

| | |
|---|---|
| 1. Knitting and Stitching<br>2. Bleaching and Dyeing<br>3. Calendering<br>4. Cutting<br>5. Mending<br>6. Checking<br>7. Finishing<br>8. Stitching:<br>(a) Over lock<br>(b) Flat lock<br>(c) Singer (including labelling)<br>9. Folding<br>10. Spreading<br>11. Ironing<br>12. Box making<br>13. Heaming<br>14. Yarn Rounding | ₹ 145 per day |

**Group-C—(Unskilled)**

| | |
|---|---|
| 1. Sealing<br>2. Packing (including despatching)<br>3. Attendar<br>4. Canteen (except cook)<br>5. General Work (including sweeping and scavenging)<br>6. Arranging | ₹ 140 per day |

**III. Dearness Allowance.**—(1) In addition to their above said wages, all the workers shall be paid Dearness Allowance at the rate of 90 paise (Ninety) for daily waged and piece rated workers, and Rupees 23.40 (Rupees twenty three and forty paise) for monthly waged employees respectively, for every point in excess of 130 points of the latest Consumer Price Index Numbers (New Series 1998-99=100) published by the Economics and Statistics Department for each District Headquarter.

(2) For Idukki and Wayanad District Headquarters, Dearness Allowance shall be paid on the basis of the Consumer Price Index Number published for Munnar and Meppadi centres respectively.

(3) For the eligibility of full Dearness Allowance, the Daily rated workers has to complete the prescribed work load. For this purpose the work output computed on each week shall be reckoned as six days and Dearness Allowance shall be paid at the rate of one Dearness Allowance for a day subject to a maximum of 6 Dearness Allowance a week. Those who are not completed the prescribed work load the proportionate Dearneass Allowance shall be given.

**IV. Service Weightage.**—In addition to the basic wages all employees who have completed not less than five years of continuous service in an establishment or under an employer, as on the date of commencement of this notification, shall be allowed service weightage at the rate of one per cent of the basic wages for every completed year of service subject to a maximum of fifteen percentage.

**V. Protection for Higher Wages.**—The employees of any establishment/ industry who are at present getting higher wages than the minimum wages fixed as per this notification, such higher rates shall be continued. In establishment where minimum output is fixed earlier by agreement or by mutual understanding, such work load shall be continued.

**VI.** The daily wages of monthly paid employees shall be calculated by dividing the total monthly wages by 26 and the monthly wages in respect of the daily waged employees shall be calculated by multiplying the daily wages by 26 (including basic wages and Dearness Allowance).

**VII. Work Load.**—The basic wages are fixed as per the workload shown in the Schedule of this Notification.

By order of the Governor,

ANIL, X.,
*Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

Government have earlier fixed the minimum rates of wages payable to the employees employed in Hosiery Manufacturing Industry in the State of Kerala vide G.O. (Rt.) 1930/2004/LBR dated 21st July, 2004 and published as S.R.O. No. 1266/2004 in the Kerala Gazette No. 47 Part I section IV dated 30th November, 2004. Government have now decided to revise the existing Minimum Rates of Wages in the said sector after inviting objections and suggestions and in consultation with Minimum Wages Advisory Board constituted for the purpose.

This notification is intended to achieve the above object.

# കേരള സർക്കാർ

തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്

## വിജ്ഞാപനം

ജി. ഒ. (പി) നമ്പർ 153/2011/തൊഴിൽ. *തിരുവനന്തപുരം, 2011 സെപ്റ്റംബർ 12.*

**എസ്. ആർ. ഒ. നമ്പർ 610/2011.**—1948-ലെ മിനിമം വേജസ് ആക്റ്റിലെ (1948-ലെ 11-ാം കേന്ദ്ര ആക്റ്റ്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (2)-ാം ഉപവകുപ്പുമായി കൂട്ടിവായിച്ച പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും 2004 സെപ്റ്റംബർ 30-ാം തീയതിയിലെ സെക്ഷൻ IV പാർട്ട്—I 47-ാം നമ്പർ കേരള ഗസറ്റിൽ എസ്. ആർ. ഒ. 1266/04 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 2004 ജൂലൈ 21-ാം തീയതിയിലെ സ. ഉ. (സാധാ.) 1930/2004/തൊഴിൽ എന്ന വിജ്ഞാപനത്തെ അതിലംഘിച്ചുകൊണ്ടും പ്രസ്തുത ആക്റ്റിന്റെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം അനുശാസിക്കുന്ന പ്രകാരം 2010 ഡിസംബർ 27-ാം തീയതിയിലെ 2930-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2010 ഡിസംബർ 17-ാം തീയതിയിലെ 25782/ഇ1/2010/തൊഴിൽ എന്ന നമ്പരായി പ്രസിദ്ധീകരിച്ച പ്രാഥമിക വിജ്ഞാപനത്തിന്മേലുള്ള ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസ്തുത ആക്റ്റിന്റെ 7-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മിനിമം വേതന ഉപദേശക സമിതിയുടെ ഉപദേശവും പരിഗണിച്ചതിനുശേഷം, കേരള സർക്കാർ, സംസ്ഥാനത്തെ "ഹോസിയറി" എന്ന തൊഴിൽ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ ഏറ്റവും കുറഞ്ഞകൂലി നിരക്കുകൾ

ഇതോടൊപ്പം ചേർത്തിരിക്കുന്ന പട്ടികയിൽ പറയുന്ന പ്രകാരം ഇതിനാൽ പുതുക്കി നിശ്ചയിക്കുകയും ഈ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ പ്രസ്തുത നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി നിശ്ചയിക്കുകയും ചെയ്യുന്നു.

## പട്ടിക

### I. ജോലിഭാരം

| | | |
|---|---|---|
| 1. തുന്നൽജോലി (ഒരാൾ) | സാധാരണ യന്ത്രങ്ങൾ | 2 എണ്ണം |
| 2. തുന്നൽ ജോലി (ഒരാൾ) | ആട്ടോമാറ്റിക് യന്ത്രങ്ങൾ | 3 എണ്ണം |
| 3. തുണിത്തരങ്ങൾ വെളുപ്പിക്കൽ (4 പേർ) | പുറകുവശം | 225 കിലോ |
| 4. തുണിത്തരങ്ങൾ വെളുപ്പിക്കൽ (4 പേർ) | അകവശം | 450 കിലോ |
| 5. ചായംമുക്കൽ (4 പേർ) | പുറകുവശം | 225 കിലോ |
| 6. ചായംമുക്കൽ (4 പേർ) | അകവശം | 450 കിലോ |
| 7. ചൂടാക്കുന്ന മുറി | പുറകുവശം | 110 കിലോ |
| 8. ചൂടാക്കുന്ന മുറി | അകവശം | 300 കിലോ |
| 9. കലണ്ടറിംഗ് (2 പേർ) | .. | 700 കിലോ |

10. മുറിക്കൽ ജോലികൾ :

(എ) പുരുഷൻമാരുടെ കാൽചട്ടകൾ
(ബി) ലേഡീസ് പാന്റീസ്
(സി) കാൽച്ചട്ടപ്പെട്ടി (ഡ്രോയർ ട്രങ്ക്)
(ഡി) ബനിയൻ (എൽ. എൻ. എച്ച്. എസ്.)
(ഇ) ബനിയൻ (സാൻഡോ)
(എഫ്) ഇലാസ്റ്റിക് കട്ടിംഗ് (മുകളിലും താഴെയും)

} 2004 ജൂലൈ മാസം 21-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 1930/04 (എസ്. ആർ. ഒ. 1266/2004) വിജ്ഞാപന പ്രകാരം നിശ്ചയിച്ച അദ്ധ്വാന ഭാരം തുടരണം.

11. തയ്യൽ ജോലി (ഫ്ളാറ്റ് ലോക്ക്):

| | |
|---|---|
| (എ) പുരുഷൻമാരുടെ കാൽചട്ടകൾ 'സി' കട്ട് | 14 ഡസൻ |
| (ബി) പുരുഷൻമാരുടെ കാൽചട്ടകൾ 'വൈ' കട്ട് | 10 ഡസൻ |
| (സി) ജന്റ്സ് ട്രങ്ക് | 10 ഡസൻ |
| (ഡി) ബനിയൻ (എൽ. എൻ. എച്ച്. എസ്.) | 65 ഡസൻ |
| (ഇ) ബനിയൻ (സാൻഡോ) | 50 ഡസൻ |

| | | |
|---|---|---|
| 12. | തയ്യൽ ജോലി (ഓവർലോക്ക് മെഷീൻ): | |
| (എ) | ബനിയൻ (എൽ. എൻ. എച്ച്. എസ്.) | 26 ഡസൻ |
| (ബി) | ബനിയൻ (സാൻഡോ) | 70 ഡസൻ |
| (സി) | സ്ലിപ് ഡ്രോയർ | 12 ഡസൻ |
| (ഡി) | ലേഡീസ് പാന്റീസ് (ഇലാസ്റ്റിക് ഇല്ലാത്തത്) | 50 ഡസൻ |
| (ഇ) | ടീ ഷർട്ടുകൾ | 10 ഡസൻ |
| 13. | ചൂടാക്കൽ ജോലി (സിങ്ങർ വർക്ക്): | |
| (എ) | ലേബൽ-4 വശം | 75 ഡസൻ |
| (ബി) | ലേബൽ-1 വശം | 100 ഡസൻ |
| (സി) | കാൽച്ചട്ടകളുടെ ഇലാസ്റ്റിക് ബന്ധിപ്പിക്കൽ | 55 ഡസൻ |
| 14. | പരിശോധനാ ജോലി: | |
| (എ) | ബനിയൻ | 60 ഡസൻ |
| (ബി) | കാൽച്ചട്ടകളുടെ ഇലാസ്റ്റിക് ബന്ധിപ്പിക്കൽ | 50 ഡസൻ |
| 15. | അവസാന പരിശോധന (എല്ലാ രീതിയിലും) | 55 ഡസൻ |
| 16. | ഡ്രെസ്സിംഗ്: | |
| (എ) | എൽ. എൻ. | 64 ഡസൻ |
| (ബി) | കാൽച്ചട്ടകൾ | 128 ഡസൻ |
| (സി) | ആർ. എൻസ്.-105-110 ടീഷർട്ട് | 47 ഡസൻ |
| (ഡി) | സാൻഡോ-105-110 | 45 ഡസൻ |
| (ഇ) | ടീ ഷർട്ട്-ആർ. എൻ. എൽ. എൻ. 55-100 | 64 ഡസൻ |
| (എഫ്) | സാൻഡോ കാൽച്ചട്ടകൾ 55-100 | 128 ഡസൻ |
| 17. | ഡെസ്പാച്ചിംഗ് (അയയ്ക്കൽ) (ഒരാൾ) | 200 ഡസൻ |
| 18. | ഇസ്തിരിയിടൽ: | |
| (എ) | ബനിയൻ | 55 ഡസൻ |
| (ബി) | കാൽച്ചട്ടകൾ | 75 ഡസൻ |
| 19. | ആവി ഏൽപ്പിക്കൽ (സ്റ്റീം പ്രസ്സ്) 2പേർ | 350 ഡസൻ |

## II. മിനിമം അടിസ്ഥാന വേതനം

### *(1) ഗ്രൂപ്പ്-A—മാസശമ്പളക്കാർ*

| | അടിസ്ഥാന ശമ്പളം |
|---|---|
| വിഭാഗം I—മാനേജർ | ₹ 7300 |
| വിഭാഗം II—അസിസ്റ്റന്റ് മാനേജർ/വർക്ക് സൂപ്രണ്ട് | ₹ 5220 |
| വിഭാഗം III—സെക്ഷൻ സൂപ്പർവൈസർ/അക്കൗണ്ടന്റ്/ ക്യാഷ്യർ/ക്ലാർക്ക്/ടൈപ്പിസ്റ്റ്/കമ്പ്യൂട്ടർ ഓപ്പറേറ്റർ ഓഫീസ് അസിസ്റ്റന്റ്/ സ്റ്റെനോഗ്രാഫർ/മെക്കാനിക്/ ഇലക്ട്രീഷ്യൻ/ബോയ്‌ലർ അറ്റന്റർ | ₹ 3905 |
| വിഭാഗം IV—ഡ്രൈവർ | ₹ 3615 |
| വിഭാഗം V—വാച്ച്മാൻ/പ്യൂൺ | ₹ 3510 |

### *(2) ഗ്രൂപ്പ്-B ദിവസവേതനക്കാർ (അർദ്ധ-വിദഗ്ദ്ധർ)*

പ്രതിദിന വേതനം

വിഭാഗം I (താഴെ പറയുന്ന വിഭാഗത്തിൽ ജോലി ചെയ്യുന്നവർ) — ₹ 145

1. തുന്നൽ/തയ്യൽ
2. തുണിത്തരങ്ങൾ വെളുപ്പിക്കൽ/ചായംമുക്കൽ
3. യന്ത്രത്തിൽ തുണി അമർത്തൽ
4. മുറിക്കൽ
5. കേടുപാടുതീർക്കൽ
6. പരിശോധിക്കൽ
7. പൂർത്തിയാക്കൽ
8. തയ്യൽ/തുന്നൽ:
   (i) ഓവർലോക്ക്
   (ii) ഫ്ളാറ്റ് ലോക്ക്
   (iii) സിങ്കർ (ലേബലിംഗ് ഉൾപ്പെടെ)
9. മടക്കൽ
10. സ്പ്രെഡ്ഡിംഗ്
11. ആവി ഏൽപ്പിക്കൽ/ഇസ്തിരിയിടൽ
12. പെട്ടിനിർമ്മാണം
13. ഹീമിംഗ്
14. നൂൽ റൗണ്ടിംഗ്

വിഭാഗം II (**അവിദഗ്ദ്ധർ**) (താഴെ പറയുന്ന വിഭാഗത്തിൽ ജോലി ചെയ്യുന്നവർ)

| | |
|---|---|
| 1. മുദ്രകുത്തൽ<br>2. പാക്കിംഗ് (ഡെസ്പാച്ച് ഉൾപ്പെടെ)<br>3. അറ്റന്റർ<br>4. കാന്റീൻ (പാചകക്കാരൻ ഒഴികെ)<br>5. പൊതുവായ ജോലികൾ (അടിച്ചുവാരൽ, വൃത്തിയാക്കൽ ഉൾപ്പെടെ)<br>6. സജ്ജീകരിക്കൽ | ₹ 140 |

3. **ക്ഷാമബത്ത.**—(1) മേൽ കാണിച്ച അടിസ്ഥാനവേതനത്തിനു പുറമേ സംസ്ഥാന എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജില്ലാ ആസ്ഥാനങ്ങൾക്കു വേണ്ടി പ്രസിദ്ധീകരിക്കുന്ന ഉപഭോക്തൃ വിലസൂചികയിൽ (1998-99=100) 130 പോയിന്റിനുമേൽ വർദ്ധിക്കുന്ന ഓരോ പോയിന്റിനും മാസശമ്പളക്കാർക്ക് 23 രൂപ 40 പൈസ (ഇരുപത്തി മൂന്ന് രൂപ നാൽപ്പത് പൈസ) നിരക്കിലും ദിവസവേതനക്കാർക്ക് 90 പൈസ (തൊണ്ണൂറു പൈസ) നിരക്കിലും ക്ഷാമബത്ത നൽകേണ്ടതാണ്.

(2) ഇടുക്കി, വയനാട് എന്നീ ജില്ലകൾക്ക് ഉപഭോക്തൃ വിലസൂചിക പ്രത്യേകമായി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ, മേൽ ജില്ലകൾക്ക് യഥാക്രമം മൂന്നാർ, മേപ്പാടി എന്നീ കേന്ദ്രങ്ങൾക്കു വേണ്ടി പ്രസിദ്ധീകരിക്കുന്ന വിലസൂചിക കണക്കാക്കേണ്ടതാണ്.

(3) ദിവസവേതനക്കാർക്ക് മുഴുവൻ ക്ഷാമബത്ത ലഭിക്കുന്നതിന് നിശ്ചിത അദ്ധ്വാനഭാരം പൂർത്തിയാക്കിയിരിക്കേണ്ടതാണ്. ഇതിനായി ആഴ്ചയിൽ ആറ് ദിവസത്തെ വർക്ക്ലോഡ് കണക്കാക്കി ഓരോ പൂർത്തിയാക്കിയ അദ്ധ്വാനഭാരത്തിനും ഒരു ക്ഷാമബത്ത എന്ന നിരക്കിൽ, ആഴ്ചയിൽ പരമാവധി ആറ് ക്ഷാമബത്ത എന്ന നിബന്ധനയിൽ, നൽകിയിരിക്കേണ്ടതാണ്. അദ്ധ്വാനഭാരം പൂർത്തിയാക്കാത്തവർക്ക് ആനുപതിക ക്ഷാമബത്ത നൽകിയിരിക്കണം.

4. **സർവ്വീസ് വെയിറ്റേജ്.**—ഒരു തൊഴിലുടമയുടെയോ/ഒരു സ്ഥാപനത്തിന്റെയോ കീഴിൽ 5 വർഷത്തിൽ കുറയാത്ത കാലം സേവനം പൂർത്തിയാക്കിയ ജീവനക്കാർക്ക് അവർ പൂർത്തിയാക്കിയ ഓരോ വർഷത്തേക്കും പട്ടികയിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാനവേതനത്തിന്റെ ഒരു ശതമാനം എന്ന നിരക്കിൽ, പരമാവധി 15 ശതമാനം വരെ സർവ്വീസ് വെയിറ്റേജ് അടിസ്ഥാന വേതനത്തിൽ ഉൾപ്പെടുത്തി നൽകിയിരിക്കേണ്ടതാണ്.

5. **ഉയർന്ന വേതനത്തിന് സംരക്ഷണം.**— ഏതെങ്കിലും സ്ഥാപനത്തിൽ ഈ വിജ്ഞാപനപ്രകാരം നിശ്ചയിച്ച വേതന നിരക്കിനേക്കാൾ കൂടുതൽ വേതനവും അലവൻസുകളും ലഭിക്കുന്നുണ്ടെങ്കിൽ ആയത് തുടർന്നും നൽകേണ്ടതാണ്. കുറഞ്ഞ അദ്ധ്വാനഭാരം കരാർ പ്രകാരമോ പരസ്പര ധാരണ പ്രകാരമോ നിശ്ചയിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ അത്തരം അദ്ധ്വാനഭാരം തുടർന്നും നിലനിർത്തേണ്ടതാണ്.

6. **മാസവേതനം.**—നിശ്ചയിച്ച ജീവനക്കാരുടെ ദിവസവേതനം കണക്കാക്കുന്നത് പ്രതിമാസ വേതനത്തെ (അടിസ്ഥാന വേതനവും ക്ഷാമബത്തയും ഉൾപ്പടെ) 26 കൊണ്ട് ഭാഗിച്ചും ദിവസവേതനക്കാരുടെ മാസവേതനം കണക്കാക്കുന്നത് ദിവസവേതനത്തെ 26 കൊണ്ട് ഗുണിച്ചുമായിരിക്കേണ്ടതാണ്.

7. **ജോലിഭാരം.**—ഈ വിജ്ഞാപനത്തിലെ ജോലിഭാരം എന്ന വിഭാഗത്തിൽ കാണിച്ചിരിക്കുന്ന ജോലിഭാരത്തിനനുസരിച്ച് ജീവനക്കാർക്ക് അടിസ്ഥാന വേതനം നിശ്ചയിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

അനിൽ, എക്സ്.,

*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതുഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

2004 നവംബർ 30-ാം തീയതിയിലെ സെക്ഷൻ IV പാർട്ട്-I 47-ാം നമ്പർ കേരള ഗസറ്റിൽ എസ്. ആർ. ഒ. 1266/04 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 2004 ജൂലൈ 21-ാം തീയതിയിലെ സ. ഉ. (സാധ.) 1930/2004/തൊഴിൽ എന്ന വിജ്ഞാപനപ്രകാരം കേരള സംസ്ഥാനത്തെ ഹോസിയറി മേഖലയിലെ തൊഴിലാളികൾക്ക് കുറഞ്ഞകൂലി നിരക്കുകൾ നിശ്ചയിച്ചിരുന്നു. ഈ ആവശ്യത്തിനായി രൂപീകരിച്ച മിനിമം വേതന ഉപദേശകസമിതിയുമായി കൂടിയാലോചിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ആരാഞ്ഞശേഷം പ്രസ്തുത മേഖലയിൽ നിലവിലുള്ള നിരക്കുകൾ പുതുക്കി നിശ്ചയിക്കുവാൻ ഇപ്പോൾ സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PRINTED AND PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2011.